

# സഹപാഠിക്ക് തലചായ്ക്കാൻ കൂരയൊരുക്കും; കാരുണ്യവേദിയായി പൂർവവിദ്യാർഥിസംഗമം

**ചെങ്ങന്നൂർ:** വളരെക്കാലം മുൻപ് ഒന്നിച്ചുപഠിച്ചവർ ഒത്തുചേർന്നപ്പോഴാണ് പഴയ സഹപാഠിക്ക് തലചായ്ക്കാൻ സ്വന്തമായി കൂരയില്ലെന്ന് അറിഞ്ഞത്. പിന്നെ ഒട്ടും അമാന്തിച്ചില്ല, എല്ലാവരും ചേർന്ന് പഴയ ആ കൂട്ടുകാരന് വീടുവച്ചു നൽകാൻ തീരുമാനിച്ചു.

സൗഹൃദം കാരുണ്യവർഷമായപ്പോൾ വീടുവയ്ക്കാനായി 3.5 ലക്ഷം രൂപ സഹപാഠികൾ വാഗ്ദാനം ചെയ്തു. വീടുവച്ചു നൽകാനുള്ള ഉത്തരവാദിത്വം പൂർവവിദ്യാർഥി സംഘടന ഏറ്റെടുക്കുകയും ചെയ്തു.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ദീപാവലിനാളിൽ നടന്ന പൂർവവിദ്യാർഥിസംഗമമാണ് കാരുണ്യത്തിന്റെ വേദിയായി മാറിയത്. കാലംചെയ്ത ഡോ. സക്കറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പോലീത്തയെ അനുസ്മരിച്ചാണ് ചടങ്ങുകൾ തുടങ്ങിയത്. വിട്ടുപിരിഞ്ഞ അധ്യാപകർക്കും ജീവനക്കാർക്കും സമ്മേളനം ആദരാഞ്ജലി അർപ്പിച്ചു.

കോളേജിലെ പൂർവവിദ്യാർഥികൂടിയായ കെ.കെ.രാമചന്ദ്രൻ നായർ എം.എൽ.എ. പരിപാടി ഉദ്ഘാടനം ചെയ്തു. ജീവിതത്തെ വളരെയധികം സ്വാധീനിച്ച അധ്യാപകരെ അദ്ദേഹം അനുസ്മരിച്ചു.

പ്രിൻസിപ്പൽ ഡോ. അച്ചാമ്മ അലക്സ് അധ്യക്ഷത വഹിച്ചു. ജോജി ചെറിയാൻ, പ്രൊഫ. കെ.കെ.വിശ്വനാഥൻ, എബി കുര്യാക്കോസ്, കെ.എസ്. രാമപ്പണിക്കർ, ജിജി എബ്രഹാം, ദിലീപ് ചെറിയനാട്, പി.ആർ.ജോയി തുടങ്ങിയവർ പ്രസംഗിച്ചു.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ പൂർവവിദ്യാർഥിസംഗമം
അഡ്വ. കെ.കെ.രാമചന്ദ്രൻ നായർ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

Press-cutting about the alumni get-together on the Deepavaliday of 29-10-2016



Chief guest K.K.Ramachandran Nair MLA with the University Champions Wrestling Team